(6 pages)

**S.No. 2465** **RNSM 2**

(For candidates admitted from 2010-2011 onwards)

U.G. DEGREE EXAMINATION, NOVEMBER 2023.

Part I — Malayalam

MALAYALAM – II

(NARUNILAVU + NATAKACHAKRAM)

Time : Three hours Maximum : 100 marks

PART A — (10 × 2 = 20)

ഒരു വാക്കിലോ ഒരു വാക്യത്തിലോ ഉത്തരമെഴുതുക.

1. ഭഗവദജ്ജുകം സാഹിത്യത്തിന്റെ ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു?

2. വൃദ്ധന്റെ പ്രണയത്തെ കവി എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു?

3. ജ്ഞാനത്തിനായി കൂമ്പി നിൽക്കുന്ന പൂവിനോട് വ്യോമസിംഹാസനം എന്താണ് ചോദിക്കുന്നത്?

4. നിങ്ങൾ ആരായാലും വേണ്ടില്ല. നിങ്ങൾ ഒരു ചുക്കും ചെയ്യാനില്ല ഞാനാണ് രാജാവ് എന്റെ കാലുകളാണ് ആ കാണുന്നത് എന്റെ കാലുകൾ നിങ്ങൾക്ക് മാപ്പ് തന്നിരിക്കുന്നു. ആരുടെ വാക്കുകൾ?

5. ഒരങ്കം മാത്രമുള്ള നാടകങ്ങൾക്ക് പറയുന്ന പേര്.

6. കടമ്മനിട്ട എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കവി.

7. വരേണ്യ പീഠങ്ങൾ കയറുവാൻ ഭൂമി
ക്കരചനാകാനും കൊതിച്ചതില്ലിവൻ. ആര്?

8. വിരിഞ്ഞ മാറിലായ് ഞങ്ങൾ
തറയ്ക്കുന്ന മഴുപ്പാടു
മണിഞ്ഞു നിൽക്കുമാ. ആരുടെ മാറിൽ?

9. 2013-ൽ സരസ്വതി സമ്മാൻ ലഭിച്ച കവയിത്രി.

10. ഏത് ഐതിഹ്യകഥയിലാണ് നാറാണത്തുഭ്രാന്തൻ എന്ന കഥാപാത്രം കടന്നുവരുന്നത്?

PART B — (5 × 6 = 30)

ഓരോന്നിനും 100 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. (a) അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിലെ വിദൂഷകനെക്കുറിച്ച് അപഗ്രഥന കുറിപ്പെഴുതുക.

അല്ലെങ്കിൽ

(b) കാവാലത്തിന്റെ അഗ്നിവർണ്ണൻ ഒരു വ്യക്തിയല്ല മറിച്ച് ഒരു പ്രവണതകൂടിയാണ് ആവിഷ്കരിക്കുന്നത്? ഈ നിരീക്ഷണം ശരിയോ?

12. (a) എന്റെ ജോലിയാ അത് ആരും എനിക്കു പറഞ്ഞു തരേണ്ട കാര്യമില്ല. അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിൽ അടിച്ചുതളി ക്കാരി പറയുന്ന ഈ വാക്കുകളിൽ സമൂഹത്തി നുള്ള സന്ദേശമുണ്ട്? എന്താണത്? നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുക.

അല്ലെങ്കിൽ

(b) വൃദ്ധന്റെ പ്രണയത്തെ കവിയിത്രി അവതരി പ്പിക്കുന്നതെങ്ങനെ?

13. (a) തനത് നാടകത്തിന് വേണ്ട ആവശ്യ ഘട കങ്ങൾ ഏവ?

അല്ലെങ്കിൽ

(b) പെരുവിരലല്ല, ശിരസ്സു
പോയാലും നിറവേറ്റും സത്യം
ഇവനെന്നോർത്താലും
തുടർന്ന് ഏകലവ്യൻ ഗുരുവിനോട് എന്താണ് പറയുന്നത്?

14. (a) അടിച്ചു തളിക്കാരിയുടെ രംഗ പ്രവേശത്തോടെ നാടകത്തിനു കൈവരുന്ന സാമൂഹിക മാനമെന്ത്?

അല്ലെങ്കിൽ



(b) ഒരു കറുത്ത തുണിപോലെ നിർവികാരത ——————— ഈ വരണ്ട മൗന ത്തിനുമേൽ ഒന്നു വിയർക്കുക. ഈ വരികളി ലൂടെ കവി പറയുന്ന ആശയമെന്ത്?

15. (a) ഒക്കെ ഒരു വെറും ഭ്രാന്തന്റെ സ്വപ്നം
നേരു നേരുന്ന ഭ്രാന്തന്റെ സ്വപ്നം
- വിശദമാക്കുക.

അല്ലെങ്കിൽ

(b) അപ്പാട്ടെക്കിട്ടനും കോപ്പാട്ടെക്കുട്ടനും എത്തീ
മതിൽക്കുള്ളിൽ ഒപ്പം ഞാനും
- മതിലിനുള്ളിൽ കണ്ട കാഴ്ച എന്ത്?

PART C — (5 × 10 = 50)

ഓരോന്നിനും 600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. (a) കന്യാകുമാരിയിൽ എന്ന കവിതയിലെ കവി യുടെ വർണ്ണനാപാടവം വിശദമാക്കുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ പ്രഹസനങ്ങൾ.

17. (a) ശാന്ത എന്ന കവിതയ്ക്ക് ആസ്വാദനകുറിപ്പ് എഴുതുക.

അല്ലെങ്കിൽ

(b) എൻ.വി. കവിതകളുടെ ആക്ഷേപഹാസ്യം ആനവാൽ എന്ന കവിതയിൽ എത്രമാത്രം പ്രകടമാണ്? വിശദമാക്കുക.

18. (a) മരത്തിനു സ്തുതി എന്ന കവിതയിൽ നാം ഏതെല്ലാം വിധത്തിൽ മരത്തിന് നാശം വരുത്തുന്നതായിട്ടാണ് കവയിത്രി പറയുന്നത്?

അല്ലെങ്കിൽ

(b) വൃദ്ധന്റെ പ്രണയത്തെ കവയിത്രി എങ്ങനെയെല്ലാം കാണുന്നു?

19. (a) ശാന്ത എന്ന കവിതയ്ക്ക് കവിയുടെ ജീവിതവുമായി ബന്ധമുണ്ടോ? ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ഭഗവദജ്ജുകത്തിലെ ഹാസ്യാത്മകത.



20. (a) നിരന്തരം വഞ്ചിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന സാധാരണക്കാരും, അധ്വാനിക്കുന്നവരുമായ കേവല മനുഷ്യരുടെ പ്രതിനിധിയാണ് കേവലരാമൻ എന്ന അഭിപ്രായം ശരിയോ?

അല്ലെങ്കിൽ

(b) പട്ടിണിപ്പാവങ്ങളെ താണവരായി കരുതുന്ന ആഡംബരത്തിന്റെ കുഴലൂത്തുകാരനാണ് വിദൂഷകൻ. ഈ അഭിപ്രായം ശരിയോ?